**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6186** **09-11-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധ സാമൂഹ്യസുരക്ഷ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികൾസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു . ഇതിൽ സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. 2014-15, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിക്കേണ്ടതായ 72.75 കോടി രൂപയുടെ കേന്ദ്രവിഹിതം ലഭിക്കാനുണ്ട്. 2021-22 ൽ 25.51 കോടി രൂപ കേന്ദ്രവിഹിതം പദ്ധതി നടപ്പാക്കുന്നതിന് ലഭിച്ചിട്ടുള്ളത് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് ഗുരുതര രോഗങ്ങൾക്ക് തുടർ ചികിത്സാസഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള തീരാരോഗ്യം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. പദ്ധതിനിർവഹണം പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധ സാമൂഹ്യസുരക്ഷ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ തീരദേശ നിവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം 2468 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുന്നതിനും 1852 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 695 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2.സമ്പാദ്ധ്യ സമാശ്വാസ പദ്ധതി

പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി 4500/- രൂപ അനുവദിക്കുന്നു. 2021-22 ൽ 179316 കടലോര ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗുണഭോക്തൃവിഹിതവും 25.51 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും അനുവദിച്ചു നൽകി. കേന്ദ്രവിഹിതമായി ലഭിച്ച 25.51 കോടി രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3.വിദ്യാഭ്യാസ സഹായ പദ്ധതികൾ;-

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് പോസ്റ്റ് മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു. +2 മുതലുള്ള വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ്സ് പദ്ധതി വഴി നൽകുന്നു. വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം നൽകി വരുന്നു. 2019-20 വർഷം വിദ്യാഭ്യാസ പരിശീലന പരിപാടികൾക്കായി 1340 ലക്ഷം രൂപയും 2020-21 ൽ 13 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2015-16 മുതൽ മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 331 പേരിൽ 49

പേർക്ക് എം.ബി.ബി.എസ് നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പ്രോഗ്രാമും, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം 2018-19 -ൽ 11 പേർക്കും 2019-20 ൽ 13 പേർക്കും 2020-21 ൽ 14 പേർക്കും പഠനാവശ്യങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19 ൽ 53.75 ലക്ഷം രൂപയും 2019-20 ൽ 55.1 ലക്ഷം രൂപയും 2020-21 ൽ 45 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

തീരദേശത്തെ 10 ഗവൺമെൻറ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിൻറെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സമഗ്ര നടപടികൾ നടപ്പാക്കി വരുന്നു.

4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി ;-

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. 2018-19 -ൽ 647, 2019-20 ൽ 856, 2020-21 ൽ 924 മത്സ്യത്തൊഴിലാളികൾ ഗുണഭോക്താകളാകുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 2 കോടി രൂപ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

5.കടൽ സുരക്ഷാ പദ്ധതി ;-

2018-19 മുതൽ 2020-21 വരെ കടൽസുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 1667 ജിപി എസു കളും 1132 ലൈഫ്ബോയെകളും, 64 DAT എന്നിവ 75% സബ്സിഡിയോടു കൂടി മത്സ്യത്തൊളിലാളികൾക്ക് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 1719 ജി.പി.എസ്, 200 വെസ്സൽ ട്രാക്കിംഗ് ഡിവൈസ് എന്നിവ 75% സബ്സിഡിയോടുകൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. ഓഖി പുനരധിവാസ പദ്ധതികൾ;-

മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നതിന് സഹായകമായ "നാവിക്" ഉപകരണങ്ങൾ 941 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകുകയും 168 എണ്ണം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 120 എഫ് ആർ പി ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ഇത് കൂടാതെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചു വരുന്നു. ഇതിനകം 612 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. കടൽ രക്ഷാ പ്രവർത്തനത്തിനായി 3 മറൈൻ ആംബുലൻസുകൾ 18.24 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു ആധുനിക ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള തീരദേശ വികസന കോർപ്പറേഷനാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. പദ്ധതി നടപ്പിലാക്കി വരുന്നു. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19 ൽ 53.75 ലക്ഷം രൂപയും 2019-20 ൽ 55.1 ലക്ഷം രൂപയും 2020-21 ൽ 45 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്നതിന് 7.41 കോടി രൂപ അനുവദിക്കുകയും അതിൽ മാറി താമസിക്കാൻ സന്നദ്ധരായ 22 പേർ സ്ഥലം രജിസ്റ്റർ ചെയ്തു ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ 32 പേർക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതവും 6 പേർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 11 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്.

7. മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി;-

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നന്മയ്ക്കും വേണ്ടി പണിയെടുക്കുവാൻ ബാദ്ധ്യസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന

പദ്ധതിയാണിത്. 07.12.2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

8. മത്സ്യത്തൊഴിലാളി വനിതകൾക്ക് സൗജന്യ യാത്രാ സൗകര്യം ഒരുക്കുന്ന സമുദ്ര പദ്ധതി

9.പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി

10. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യ ബന്ധനത്തിന് പ്രാപ്തരാക്കുന്ന ആഴക്കടൽ ബോട്ടുകൾ നൽകുന്ന പദ്ധതി

11. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 320 FRP ബോട്ടുകൾ നൽകുന്ന പദ്ധതി

12. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി DBT ആയി മത്സ്യത്തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. നിലവിൽ ആഗസ്റ്റ് വരെയുള്ള 7,50,85,150/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

13. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ.

14. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ

എ) മത്സ്യത്തൊഴിലാളി പെൻഷൻ 44803 മത്സ്യത്തൊഴിലാളികൾക്കും, 9057 വിധവകൾക്കും, 8004 അനുബന്ധത്തൊഴിലാളികൾക്കും 2021 സെപ്റ്റംബർ വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

ബി) മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

സി) വിവാഹ ധനസഹായ പദ്ധതി

ഡി)) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

ഇ) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായ പദ്ധതി

എഫ്) കുടുംബ സംവിധാന പദ്ധതി

ജി) മാരക രോഗ ചികിത്സാ പദ്ധതി

എച്ച്) ചെയർമാൻ റിലീഫ് ഫണ്ട്

ഐ) ബോർഡിൻറെ പ്രത്യേക ധനസഹായം

ജെ) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

കെ) ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രോത്സാഹന പദ്ധതി

15. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

എ)എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി

ബി. എൻ.ബി .സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ

സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി

ഡി) ലോൺ ഡിസ്ട്രസ്സ് റിലീഫ് സ്കീം

ഇ) വലകൾക്കുള്ള സബ്സിഡി പദ്ധതി

എഫ്) മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

ജി) നാടൻ വള്ളങ്ങളുടെ നവീകരണം

എച്ച്) മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി

16.മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

എ) ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

ബി) പലിശരഹിത ചാക്രീകമൂലധന സഹായം

സി) സാങ്കേതിക വിദ്യാ നവീകരണ പദ്ധതി

ഡി) കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ

ഇ) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ

എഫ്) ബ്രാൻറിംഗ് ആൻറ് മാർക്കറ്റിംഗ്

ജി) അഷ്ടമുടി ഫേസ് II പദ്ധതി

എച്ച്) തീരമൈത്രി സീഫുഡ് റസ്റ്റോറൻറ്

ഐ) ഹൈജിനിക് റഫ്രിജറേറ്റർ, മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്ക്

ജെ) കേരള ബാങ്ക് മുഖേന ദീർഘകാല വായ്പാ പദ്ധതി

കെ) കിസാൻ ക്രെഡിറ്റ് കാർഡ് വായ്പാ പദ്ധതി

എൽ) KSWDC മുഖേനയുള്ള NMDFC വായ്പാ പദ്ധതി

എം) 3R Package for Ensuring Sustainable Livelihoods of Fisherwomen in Kerala (Rebuilding, Revival, Reforms)

എന്) JLG project for Ensuring Livelihood Security of Fisherwomen in Kerala